**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4776** **11-08-2021 - ൽ മറുപടിയ്ക്ക്**

**വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സേവനം ചെയ്യുന്ന സിവിൽ പോലീസ് ഓഫീസർമാരുടെ എണ്ണം എത്രയാണെന്നും അതിൽ വിവിധ വിഭാഗങ്ങളിലായി എത്ര വനിതാ സിവിൽ പോലീസ് ഓഫീസർമാർ സേവനം ചെയ്യുന്നുണ്ട് എന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സിവിൽ പോലീസ് വിഭാഗത്തിൽ 3502 വനിതാ സിവിൽ പോലീസ് ഓഫീസർമാർ ഉൾപ്പെടെ 26,656 സിവിൽപോലീസ് ഓഫീസർമാർ നിലവിലുണ്ട്. ബറ്റാലിയനിൽ 983 വനിതാ പോലീസ് കോൺസ്റ്റബിൾ ഉൾപ്പെടെ 7836 ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾമാർ നിലവിലുണ്ട്. സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ വനിതകളുടെ ശതമാനം 15.12 ശതമാനമായും ബറ്റാലിയൻ വിഭാഗത്തിൽ 14.34 ശതമാനമായും വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | പുരുഷ സിവിൽ പോലീസ് ഓഫീസർമാരുടെ എണ്ണത്തിന്റെ നിശ്ചിത ശതമാനം വനിതാ പോലീസ് തസ്തിക സൃഷ്ടിക്കും എന്നും അതനുസരിച്ച് നിയമനം നടത്തുമെന്നുമുള്ള പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര തസ്തികകൾ സൃഷ്ടിക്കുന്നതിന് വേണ്ടിയാണ് ഡിജിപി പ്രൊപ്പോസൽ സർക്കാരിലേക്ക് നൽകിയിട്ടുള്ളത്; വെളിപ്പെടുത്തുമോ; | (ബി) | സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തികയിൽ വനിതകളുടെ എണ്ണം ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | പ്രസ്തുത പ്രൊപ്പോസലുകൾ സർക്കാരിൽ എത്തിയിട്ട് എത്ര നാളായെന്നും പ്രസ്തുത പ്രൊപ്പോസലുകളിൽ നയപരമായ തീരുമാനം എടുത്ത് തസ്തിക സൃഷ്ടിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (സി) | സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തികയിൽ വനിതകളുടെ എണ്ണം ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ നിലവിൽ തസ്തിക സൃഷ്ടിക്കുന്നതിനായി സർക്കാരിന് മുൻപിലുള്ള പ്രൊപ്പോസലുകൾ പരിഗണിച്ച് പുരുഷ സിവിൽ പോലീസ് ഓഫീസർമാരുടെ എണ്ണത്തിന് ആനുപാതികമായി വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തിക അടിയന്തരമായി സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ഡി) | സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തികയിൽ വനിതകളുടെ എണ്ണം ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഇ) | നിലവിലുള്ള വനിതാ സിവിൽ പോലീസ് ഓഫീസർ | (ഇ) | 04.08.2021 ന് അവസാനിച്ച റാങ്ക് പട്ടികയിൽ |

| | | | |
|---|---|---|---|
| | പി.എസ്.സി. റാങ്ക് ലിസ്റ്റിലെ മെയിൻ, സപ്ലിമെന്ററി ലിസ്റ്റുകളിലായി എത്ര ഉദ്യോഗാർത്ഥികളാണ് ഉൾപ്പെട്ടിരിക്കുന്നതെന്നും അതിൽ എത്ര പേർക്ക് നാളിതുവരെ നിയമനം നൽകിയെന്നും വ്യക്തമാക്കുമോ; | | 2013 പേരും സപ്ലിമെന്ററി ലിസ്റ്റിൽ 59 പേരും ഉണ്ടായിരുന്നു. നിയമന വിവരം ; 04.08.2021 വരെ ആകെ ഒഴിവുകൾ : 827 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രത്യേക റിക്രൂട്ട്മെന്റ് വഴിയുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ : 34 പ്രത്യേക മേഖലകളിൽ നിന്നുള്ള പട്ടികവർഗ്ഗത്തിൽ നിന്നുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ : 35 ഈ റാങ്ക് ലിസ്റ്റിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ : 758 ഇവയിൽ ഉൾപ്പെട്ട എൻജെഡി ഒഴിവുകൾ : 131 ഇവയിൽ ഉൾപ്പെട്ട എൻസിഎ ഒഴിവുകൾ : 3 ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ലഭിച്ചവർ : 702 നിയമന ശിപാർശ ലഭിക്കാനുള്ളവർ: 56 (ഒരു എൻസിഎ ഉൾപ്പെടെ) |
| (എഫ്) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും വളരെ കുറച്ച് നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളൂ എന്നതിനാൽ റാങ്ക് ലിസ്റ്റ് കാലാവധി ആറ് മാസം കൂടി നീട്ടി നൽകുന്ന കാര്യം പരിഗണിക്കുമോയെന്നും വ്യക്തമാക്കുമോ? | (എഫ്) | പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ